# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1667 — 14.12.2012-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന വരവു ചെലവു കണക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന വരവു ചെലവു കണക്കുകൾ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | എ) സമർപ്പിച്ചിട്ടുണ്ട്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാം ഭാഗ റിപ്പോർട്ടിൽ ശുപാർശ നമ്പർ 17.15 പ്രകാരം ക്യാഷ് ബുക്കുകൾ അതത് ദിവസം തന്നെ എഴുതാത്തതും കമ്പ്യൂട്ടർവൽകൃത സമ്പ്രദായത്തിൽ വരവു ചെലവുകൾ ദിവസേന രേഖപ്പെടുത്താത്തതുമായ പ്രവണത അംഗീകരിക്കാൻ കഴിയില്ല എന്നും മിന്നൽ പരിശോധന നടത്തുന്നതിനായി മൊബൈൽ ടീമുകൾ രൂപീകരിക്കണമെന്നും നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ ശക്തമായ ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഓരോ മാസവും കുറഞ്ഞപക്ഷം 10% തദ്ദേശസർക്കാരുകളുടെ കാഷ് ബുക്കുകളെങ്കിലും പരിശോധിക്കണമെന്നും അത് |

ബന്ധപ്പെട്ട വകുപ്പ്മേധാവികൾക്ക് (ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ സർക്കാരിന്) കൃത്യമായി റിപ്പോർട്ട് ചെയ്യണമന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർവൽകൃത സമ്പ്രദായത്തിൽ കുറഞ്ഞപക്ഷം ഒരു വർഷത്തേക്കെങ്കിലും ദിനംപ്രതിയുള്ള പ്രിന്റ് ഔട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. വിവിധ വിഭാഗങ്ങൾക്ക് അനുയോജ്യമായ പ്രഫോർമ വൗച്ചറുകൾ നിശ്ചയിക്കണമെന്നും അതുവഴി ഏകതാസ്വഭാവം ഉറപ്പു വരുത്താവുന്നതാണെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

ബി) ദൈനംദിനകണക്കുകൾ പരിശോധിക്കുന്നതിന് പ്രത്യേക മിന്നൽ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

ബി) ധനകാര്യ (എസ്.എഫ്.സി.ബി) വകുപ്പിന്റെ 24.05.2012-ലെ ജി.ഒ.(എം.എസ്.) നം. 298/12/ധന. പ്രകാരം പ്രത്യേക മിന്നൽ സ്ക്വാഡുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

സി) എങ്കിൽ അതിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ ?

സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്യാഷ് ബുക്കുകൾ എല്ലാ മാസവും പരിശോധിക്കുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയുണ്ടായിട്ടുണ്ട്.

(i)നഗരസഭകളിലും

മുനിസിപ്പാലിറ്റികളിലും - റീജിയണൽ ഡയറക്ടേഴ്സ് ഓഫ് അർബൻ അഫയേഴ്സ്

(ii)ഗ്രാമ പഞ്ചായത്തുകളിൽ - പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും അസിസ്റ്റന്റ് ഡയറക്ടർമാരെയും

(iii)ബ്ലോക്ക് പഞ്ചായത്തുകളിൽ - അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മിഷണർ (ജനറൽ)

(iv)ജില്ലാ പഞ്ചായത്തുകളിൽ - ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ജില്ലാതല ഓഫീസർമാർ

മിന്നൽ പരിശോധനാ മൊബൈൽ ടീമുകൾ എല്ലാ മാസവും ഓരോ ജില്ലകളിലേയും 10% തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് തലവൻമാർക്ക് (ജില്ലാ പഞ്ചായത്തുകളെ സംബന്ധിക്കുന്നവ സർക്കാരിന്) സമർപ്പിക്കേണ്ടതാണ്. വകുപ്പു തലവൻമാരും തദ്ദേശസ്വയംഭരണ വകുപ്പും പരിശോധന സംബന്ധിച്ച റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ സംസ്ഥാന ധനകാര്യ കമ്മിഷൻ സെല്ലിന് സമർപ്പിക്കേണ്ടതാണ്. കമ്പ്യൂട്ടറൈസ്ഡ് സംവിധാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ദൈനംദിന പ്രിന്റ് ഔട്ടുകൾ എടുത്ത് സൂക്ഷിക്കേണ്ടതും

ആയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ട തുമാണ്. മേൽ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് പുറമെ സംസ്ഥാന ധനകാര്യ സെല്ലും ആയത് സംബന്ധിച്ച് ഇടക്കാല പരിശോധന നടത്തുന്നതാണ്. മൊബൈൽ പരിശോധനാ ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ